അംഗീകരിച്ച് തുക കൊടുക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഹൈക്കോടതി വിധിക്കെതിരെ വൈദ്യുതി ബോർഡ് സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തു. അപ്പീൽ ഫയൽ ചെയ്യുന്നതിന് മുമ്പ് ബോർഡിന്റെ നിയമോപദേഷ്ടാവിന്റെ അഭിപ്രായം തേടിയിരുന്നു. അദ്ദേഹം ന്യൂഡൽഹിയിലെ സീനിയർ അഡ്വക്കേറ്റ് ശ്രീ. പരാശരന്റെ അഭിപ്രായം ആരായുകയും ചെയ്ത ശേഷമാണ് അപ്പീൽ ഫയൽ ചെയ്തത്.

പ്രസ്തുത കേസ്സിൽ സുപ്രീം കോടതി 19-7-2000-ൽ പുറപ്പെടുവിച്ച വിധിയിൽ ഡിവിഷൻ ബെഞ്ചിന്റെ വിധിയിലെ 18% പലിശയ്ക്ക് പകരം 9% നൽകിയാൽ മതിയെന്ന ഭേദഗതിയോടെ അംഗീകരിച്ചു. വൈദ്യുതി ബോർഡ് ഈ വിധിക്കെതിരെ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷൻ കോടതി തള്ളി.

(എച്ച്) ഉണ്ട്. മെയിൻ ഡാമിന്റെയും സ്പിൽവേയുടേയും ശേഷിക്കുന്ന പണികൾക്ക് എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. ഇതുമൂലം 5.91 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

കെ.എസ്.ഇ.ബി. മസ്ദൂർ (വർക്കർ) പി.എസ്.സി. റാങ്ക് ലിസ്റ്റ്

28 [185] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 15-6-2002-ന് നിലവിൽ വന്ന കെ.എസ്.ഇ.ബി. മസ്ദൂർ (വർക്കർ) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും പാലക്കാട് ജില്ലയിൽ എത്ര പേർക്ക് നിയമനം ഇതേ വരെ നടത്തി; എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 276 പേർക്ക് നിയമനം നൽകി. 14 ഒഴിവുകൾ നിലവിലുണ്ട്. പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സാധാരണഗതിയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി മൂന്ന് വർഷമാണ്.

LIBRARY ARCHIVES Kerala Legislative Assembly